**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം**
**(ഹാജർ : സുഭാഷ്. റ്റി.വി. ഐ.എ.എസ്.)**

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്, ഗ്രേഡ് I) അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവാകുന്നു .

പരാമർശം:-
(1) 08.08.2011-ലെ എസ്.എ. (2) 16398/ 2011 നമ്പർ ഉത്തരവ്.
(2) 28.03.2016-ലെ എസ്.എ.(3) 11402/ 2014 നമ്പർ ഉത്തരവ്.
(3) 22.11.2019-ലെ എസ്.എ.(3) 37815/ 2019 നമ്പർ ഉത്തരവ്.
(4) ജി.ഒ.(പി) നമ്പർ 27/ 2021/ ഫിൻ. തീയതി 10.02.2021.
(5) 13.10.2021 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം. എസ്.എ. (3) 17659/ 2015 തീയതി : 30.04.2022**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ തളിപ്പറമ്പ് ആർ.എ.ടി.ടി.സി കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. മായ.ആർ 28-02-2022 അപരാഹ്നം സേവനത്തിൽ നിന്നും വിരമിക്കുകയുണ്ടായി. പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ ഏറ്റവും സീനിയറായ (ക്രമ നമ്പർ 5) ശ്രീ. ഷിബു.എസ്, സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം) -നെ (55200-115300) രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി 01.03.2022 മുതൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ടിയാൻ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷാകാലം പൂർത്തീകരിക്കേണ്ടതാണ്.

ശ്രീ. ഷിബു.എസ്.നു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡിൽ നിന്നും സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന മുറയ്ക്ക് നിലവിൽ വരുന്ന ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ ഏറ്റവും സീനിയറായ (ക്രമ നമ്പർ 3) ശ്രീമതി.ഷീബ.എ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I നെ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം) (43400-91200) രൂപാ ശമ്പളസ്കെയിലിൽ 01.03.2022 മുതൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകി കൊണ്ട് ഉത്തരവാകുന്നു.

ശ്രീമതി.ഷീബ.എ.യ്ക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിനെ തുടർന്നുള്ള ഒഴിവിലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള മുൻഗണനാ പട്ടികയിലെ ഏറ്റവും സീനിയറായ (ക്രമ നമ്പർ 10) ശ്രീമതി. സെലിൻ.എ.ടി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II-നെ

(പ്രിൻസിപ്പൽ കൃഷി ഓഫീസ്, തിരുവനന്തപുരം) 01.03.2022 പൂർവാഹ്നം മുതൽ 39300-83000 രൂപ ശമ്പളസ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവിൻ പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഗസറ്റഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചയാളുടെ സേവനപുസ്തകം, ഗസറ്റഡ് എന്റൈറ്റിൽമെന്റ് രജിസ്റ്റർ, ആർ.റ്റി.സി., എൽ.പി.സി. തുടങ്ങിയ ആവശ്യരേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ് . ഉത്തരവ് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥന്മാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ തുടരാവുന്നതാണ്.

(ഒപ്പ്)
ഡയറക്ടർ
കാർഷിക വികസന കർഷക്ഷേമ വകുപ്പ്

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)
അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

പകർപ്പ്:-

1) പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം.
2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്.
3) അക്കൗണ്ട്സ് , ഒ &എം / ഐ.റ്റി.സെൽ
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക്)
4) കരുതൽ ഫയൽ / അധികം.

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

PA-16-03-22/Type-19